No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം - 695 001.

# പത്രക്കുറിപ്പ്

## എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 2019 മാർച്ച് 4 വരെ ദീർഘിപ്പിച്ചു

2019–20 അധ്യയന വർഷത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, എം.ബി.ബി.എസ്, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.എസ്.എം.എസ്, ബി.യു.എം.എസ് എന്നീ മെഡിക്കൽ കോഴ്സുകളിലേയ്ക്കോ, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കോ പ്രവേശനത്തിനായുള്ള ഓൺലൈൻ അപേക്ഷകൾ, പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാനുള്ള അവസാന തീയതി 2019 ഫെബ്രുവരി 28–ൽ നിന്നും 2019 മാർച്ച് 4 വൈകുന്നേരം 5 മണി വരെയായി ദീർഘിപ്പിച്ചു. ജനനത്തീയതി, നേറ്റിവിറ്റി എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ ഒഴികെയുള്ളവ 2019 മാർച്ച് 31 വരെ സമർപ്പിക്കാവുന്നതാണ്. **National Testing Agency (NTA)** നടത്തുന്ന **NEET-UG 2019** പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളിൽ, കേരളത്തിലെ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവരും, കൗൺസിൽ ഓഫ് ആർക്കിടെക്ചർ നടത്തുന്ന നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ചർ (NATA) പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളിൽ കേരളത്തിലെ ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്നവരും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ 2019 മാർച്ച് 4–നകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷാർത്ഥികൾ അപേക്ഷ സമർപ്പിച്ച ശേഷം ലഭിക്കുന്ന കൺഫർമേഷൻ പേജിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

ഹെൽപ് ലൈൻ നമ്പർ : 0471 2332123, 2339101, 2339102, 2339103, 2339104.

തിരുവനന്തപുരം
28.02.2019

പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി